# പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3483 — 12/05/2017-ൽ മറുപടിയ്ക്ക്

## കണ്ടൽക്കാടുകൾ സംരക്ഷിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുവാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമസ്ഥർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഏക്കറിന് 4000/- രൂപ എന്ന തോതിൽ ധനസഹായം നൽശുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽ വച്ചു പിടിപ്പിക്കുന്നതിനെപ്പറ്റി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക്, ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും, മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും "പ്രൊപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും 1961-ലെ കേരള വന സംരക്ഷണ നിയമപ്രകാരം പ്രഖ്യാപിക്കുകയും അവ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തു വരുന്നു. നിലവിലുള്ള നിയമനടപടിക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| ബി) ദിനംപ്രതി കണ്ടൽക്കാടുകൾ നശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | ബി) ദിനംപ്രതി കണ്ടൽക്കാടുകൾ നശിക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | |
|---|---|---|
| (സി) കായലുകൾ, തോടുകൾ, നദികൾ, ആറുകൾ ഇവയുടെ വശങ്ങളിൽ കാണാറുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുവാൻ ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ അറിയിക്കാമോ? | സി) | കായലുകൾ, തോടുകൾ, നദികൾ, ആറുകൾ ഇവയുടെ വശങ്ങളിൽ കണ്ടുവരുന്ന കണ്ടൽ ക്കാടുകൾ സംരക്ഷിക്കുവാൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും, റവന്യൂ വകുപ്പിന്റെയും സഹകരണത്തോടെ വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) കണ്ടൽ മേഖലയുടെ സ്കെച്ചും മാപ്പുകളും വനം വകുപ്പ് സൂക്ഷിക്കാറുണ്ടോ; എങ്കിൽ എത്ര വിസ്തൃതിയിൽ ഇപ്പോൾ കണ്ടൽക്കാടുകളുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | 2015-ലെ 'ഫോറസ്റ്റ് സർവെ ഓഫ് ഇന്ത്യ' തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തിന്റെ കണ്ടൽമേഖലയുടെ മാപ്പുകൾ ലഭ്യമാണ്.ഇതനുസരിച്ച് കേരളത്തിൽ 9(ഒൻപത്) ചതുരശ്രകിലോമീറ്റർ ക ണ്ടൽ ക്കാടുകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ